## പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2058 18.07.2016 – ൽ മറുപടിയ്ക്ക്**

### അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സുസ്ഥിരവും ആസൂത്രിതവുമായ ഉദ്യമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് : ശ്രീ. കെ. ഡി. പ്രസേനൻ : ശ്രീ.വി. ജോയി : ശ്രീ. ബി. സത്യൻ : | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള സുസ്ഥിരവും ആസൂത്രിതവുമായ ഉദ്യമം (സ്പീഡ്) എന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്ത് രൂക്ഷമായിക്കൊണ്ടിരിക്കുന്ന ഗതാഗതക്കുരുക്കിന് പരിഹാരം നൽകുന്നതിന്റെ ഭാഗമായി തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ ഫ്ലൈ ഓവറുകൾ, പാലങ്ങൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക എന്നതാണ് സ്പീഡ് കേരള പരിപാടിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ |
| (ബി) | ഈ ഉദ്യമത്തിന്റെ ഭാഗമായി എന്തൊക്കെ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയെന്നും അതിനായി എത്ര തുക വീതം ചെലവഴിച്ചുവെന്നും വിശദമാക്കുമോ ; | (ബി) | 14.6.2013-ലെ ജി.ഒ.(എം.എസ്) നം.51/2013/പൊ.മ.വ. പ്രകാരം 23 പദ്ധതികളാണ് സ്പീഡ് കേരള എന്ന പരിപാടിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയത്. ഇവയിൽ 141.02 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിരുന്ന കോഴിക്കോട് ദേശീയപാത ബൈപ്പാസ് നിർമ്മാണം പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പൂർത്തീകരിച്ച് ഗതാഗതത്തിനായി തുറന്നുകൊടുത്തു. |

കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കി വരുന്ന രാമപുരം-നാലമ്പലം ദർശനം റോഡ്, കഞ്ഞിക്കുഴി-വെട്ടത്തുകവല-കറുകച്ചാൽ റോഡ് എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ യഥാക്രമം ഏകദേശം 95%, 98% പൂർത്തിയായി. കോർപ്പറേഷന്റെ ഉപകരാറുകാർ വഴിയാണ് നടപ്പിലാക്കിയിട്ടുള്ളത്. ഇവയുടെ അടങ്കൽ തുക യഥാക്രമം 50.75 കോടി രൂപയും, 45.35 കോടി രൂപയുമാണ്.

ആർ.ബി.ഡി.സി.കെ.യുടെ ആഭിമുഖ്യത്തിൽ 41.28 കോടി രൂപ അടങ്കൽ തുക കണക്കാക്കിയിട്ടുള്ള പാലാരിവട്ടം ഫ്ലൈ ഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 90% പൂർത്തീകരിച്ചു.

(സി) ഈ പദ്ധതിക്കായി പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ചുമത്തിയ അധിക വില്പന നികുതി ഇനത്തിൽ എത്ര രൂപ ഇതുവരെ ലഭിച്ചുവെന്നും അതിൽ എത്ര തുക ഈ പദ്ധതിക്കായി വിനിയോഗിച്ചുവെന്നും പരിശോധിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

(സി) പെട്രോൾ, ഡീസൽ എന്നിവയുടെ മേൽ ലിറ്ററിന് ഒരു രൂപ നിരക്കിൽ അധിക വിൽപന നികുതി ചുമത്തിയിട്ടുണ്ട്. 01.04.2015 മുതലാണ് അധിക വിൽപന നികുതി ഈടാക്കിവരുന്നത്. 2015-16 സാമ്പത്തിക വർഷത്തിൽ അധിക വിൽപന നികുതിയായി 408.33 കോടി രൂപയും 2016-17 സാമ്പത്തിക വർഷത്തിൽ ജൂൺ 30 വരെ 120.93 കോടി രൂപയും ലഭിച്ചിട്ടുണ്ട്. സ്പീഡ് കേരള പദ്ധതിയ്ക്കായി ഇതിൽ നിന്നും തുക ചെലവഴിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ